## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1653 | 05.02.2019-ൽ മറുപടിയ്ക്ക് |
|---|---|

**തിരുവനന്തപുരത്തെ ബസ്സ് കാത്തിരിപ്പകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ 16 പ്രദേശങ്ങളിൽ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 27.02.2016-ൽ ഭരണാനുമതി നൽകി തിരുവനന്തപുരം നഗരസഭയുടെ അനുമതിക്ക് സമർപ്പിച്ചിരിക്കുന്നതിന്മേൽ നഗരസഭ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും (സി) | ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് കളക്ടറേറ്റിൽ നിന്നും അനുമതി ലഭ്യമായ ശേഷം തിരുവനന്തപുരം കോർപ്പറേഷനിൽ ലഭിക്കുന്ന മുറയ്ക്ക് കോർപ്പറേഷൻ കൗൺസിൽ തീരുമാന പ്രകാരം അനുമതി നൽകി വരുന്നു. ഈ ആസ്തികളുടെ സംരക്ഷണവും പരിപാലനവും കോർപ്പറേഷൻ വഹിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കോർപ്പറേഷന് ലഭ്യമായ അപേക്ഷകളിൽ എല്ലാം ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മറ്റ് പല ഭാഗങ്ങളിലും ബസ്സ് കാത്തിരിപ്പകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഭരണാനുമതി പുറപ്പെടുവിച്ച് രണ്ടുവർഷം പിന്നിട്ടിട്ടും പല തവണ കത്തുകൾ നൽകിയിട്ടും മേൽ വിഷയത്തിൽ നഗരസഭ അനുമതി നൽകാത്തതെന്തെന്ന് വ്യക്തമാക്കാമോ; | | |
| (സി) | നഗരസഭ ഇക്കാര്യത്തിൽ ഇനിയെങ്കിലും അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ